സേവന-വേതന വ്യവസ്ഥകൾ-കാര്യക്ഷമമായ സിവിൽ സർവ്വീസ്

129 (T * 3283) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുനർ നിർണ്ണയിക്കുന്നതോടൊപ്പംതന്നെ കാര്യക്ഷമമായ സിവിൽ സർവ്വീസ് യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം മാത്രമേ ശമ്പള പരിഷ്കരണം എന്നത്തേക്ക് നടപ്പാക്കണമെന്ന് തീരുമാനമെടുക്കുകയുള്ളൂ.

(ബി) സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുനർ നിർണ്ണയിക്കുന്നതോടൊപ്പം തന്നെ കാര്യക്ഷമമായ സിവിൽ സർവ്വീസ് യഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

130 (3284) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നാളിതുവരെ അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അനുമതി ലഭിച്ച പ്രവൃത്തികളുടെ ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2014-15 വരെയുള്ള കാലയളവിൽ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയും ചെലവഴിക്കാനുള്ള തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി എം.എൽ.എ നിർദ്ദേശിച്ച പ്രവൃത്തികളിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അനുമതി വൈകുന്നതിന്റെ കാരണങ്ങൾ എന്തെന്നും വിശദമാക്കുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly